## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2110** — **19/06/2012** ൽ മറുപടിക്ക്

### പ്രാദേശിക ഫിലിം ഫെസ്റ്റിവലുകൾ

ചോദ്യം — ഉത്തരം

ശ്രീമതി. കെ.കെ. ലതിക — ശ്രീ. കെ.ബി. ഗണേഷ് കുമാർ (ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ചലച്ചിത്ര അക്കാദമിയിൽ വിഖ്യാതമായ സിനിമകളുടെ പ്രിന്റുകൾ ലഭ്യമാണോ ; | (എ) | സിനിമകളുടെ ഡി.വി.ഡി.കൾ ലഭ്യമാണ്. |
| (ബി) | നല്ല സിനിമകൾ ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക തലത്തിൽ ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പ്രാദേശിക തലത്തിൽ ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ടൂറിങ് ടാക്കീസ്, ഫിലിം സൊസൈറ്റികൾ തുടങ്ങിയവയുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. |
| (സി) | ഇത്തരം ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുവാൻ തയ്യാറാകുന്ന പ്രാദേശിക തലത്തിലുള്ള സമിതികൾക്ക് സിനിമകളുടെ പ്രിന്റും സാമ്പത്തിക സഹായവും ലഭ്യമാക്കുമോ? | (സി) | പ്രാദേശിക തലത്തിലുള്ള സമിതികൾക്ക് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സിനിമകളുടെ പ്രിന്റ് നൽകുകയും പ്രദർശനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പ്രാദേശിക ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്ന ഫിലിം സൊസൈറ്റികൾക്ക് കഴിഞ്ഞ വർഷം മുതൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരളം പരിമിതമായ സാമ്പത്തിക സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ